കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ചെങ്ങന്നൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള പുതിയ ഷോപ്പിംഗ് കോംപ്ലക്സിലെ 24/480(2), 480/3, 480/4 എന്നീ കടമുറികൾ ലോക്ക്ഡൗൺമൂലം പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത കടമുറികളുടെ 2020 ഏപ്രിൽ, മെയ് മാസത്തെ വാടകയിൽ ഇളവ് അനുവദിക്കുന്നതിന് ചെങ്ങന്നൂർ നഗരസഭയ്ക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ(കൈ)നം.37/2022/ത.സ്വ.ഭ.വ    തീയതി, തിരുവനന്തപുരം: 24/02/2022

---

പരാമർശം:- 1) ചെങ്ങന്നൂർ നഗരസഭാ കൗൺസിലിന്റെ 30/4/2020, 09/07/2020, 27/02/2020 തീയതികളിലെ യഥാക്രമം 2, 8, 11 തീരുമാനങ്ങൾ

2) ചെങ്ങന്നൂർ നഗരസഭ സെക്രട്ടറിയുടെ 21/05/2020 തീയതിയിലെ ആർ 3-6500/17 നമ്പർ കത്ത്

**ഉത്തരവ്**

ചെങ്ങന്നൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള പുതിയ ഷോപ്പിങ് കോംപ്ലക്സിലെ 24/480(2), 480/3, 480/4 എന്നീ കടമുറികൾ ലോക്ക്ഡൗൺമൂലം പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത കടമുറികളുടെ 2020 ഏപ്രിൽ, മെയ് മാസത്തെ വാടകയിൽ (10,000 രൂപയ്ക്ക് മുകളിലുള്ളത്) സർക്കാർ അനുമതിയ്ക്ക് വിധേയമായി ഇളവ് അനുവദിക്കുന്നതിനായി നഗരസഭാ കൗൺസിൽ പരാമർശം (1) പ്രകാരം കൈക്കൊണ്ട തീരുമാന സഹിതം ചെങ്ങന്നൂർ നഗരസഭാ സെക്രട്ടറി പരാമർശം (2) പ്രകാരം ശുപാർശ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ച സംസ്ഥാനത്ത് കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ലോക്ക്ഡൗൺ ഏർപ്പെടുത്തിയത് മൂലം വ്യാപാര സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കുവാൻ കഴിയാത്ത സാഹചര്യവും, ഈ വിഷയത്തിൽ ചെങ്ങന്നൂർ നഗരസഭ കൗൺസിൽ യോഗതീരുമാനവും പരിഗണിച്ച്, ചെങ്ങന്നൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള പുതിയ ഷോപ്പിംഗ് കോംപ്ലക്സിലെ 24/480(2), 480/3, 480/4 എന്നീ 3 കടമുറികളുടെ 2020 ഏപ്രിൽ, മെയ് മാസത്തെ വാടകയിൽ 1998 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 565-ാം വകുപ്പിലെ (പാട്ടക്കാർക്കും ലൈസൻസിക്കും കരാറുകാർക്കും കിസ്തിളവ് അനുവദിക്കൽ) ചട്ടം (4) പ്രകാരം ഇളവ് അനുവദിക്കുന്നതിന് ചെങ്ങന്നൂർ നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രാജീവൻ എ.പി**

**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, ചെങ്ങന്നൂർ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)

നഗരകാര്യ ഡയറക്ടർ , തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-1/ആഡിറ്റ്- II), കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ത.സ്വ.ഭ.വ-ആർസി2/14/2022-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ